# മുസ്‌ലിയാക്കൻമാരേ...... സത്യം തിരിച്ചറിയുക...... സലഫീ ആദർശം ഉൾകൊള്ളുക

അബൂഹസ്സാൻ - അബ്ദുല്ല ഉപ്പള
കടപ്പാട് - ഇസ്‌ലാഹ് മാസിക

## എ.പി. അബ്ദുറഹ്മാൻ മുസ്‌ലിയാർ, പെരുവയൽ

**തയ്യാറാക്കിയത്: അശ്റഫ് ചേരാപുരം**

ഖുറാഫാത്തുകളുടെ വിളഭൂമിയിൽ നിന്നും തൗഹീദിന്റെ വെള്ളി വെളിച്ചത്തിലേക്ക് വന്ന കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിക്കടുത്ത പെരുവയലിലെ എം.പി. അബ്ദുറഹ്മാൻ മുസ്‌ലിയാർ തന്റെ ജീവിതാനുഭവങ്ങളെയും ഇസ്‌ലാഹി പ്രസ്ഥാനത്തിലേക്കുള്ള കടന്നുവരവിനെ കുറിച്ചും ഇസ്‌ലാഹ് വായനക്കാരുമായി പങ്കുവെക്കുന്നു.

ജനനവും കുടുംബ പശ്ചാത്തലവും

മൊടവൻപിലാക്കൂൽ അഹ്മദ് – ഫാത്വിമ ദമ്പതികളുടെ നാല് ആൺ മക്കളിൽ മൂത്തവനാണ് ഞാൻ. മുസ്‌ലിയാക്കൻമാരുടെ കുടുംബമാണ് ഞങ്ങളുടേത്. കുറ്റ്യാടിക്കടുത്ത വേളം പഞ്ചായത്തിലെ പെരുവയൽ പ്രദേശമാണ് എന്റെ നാട്. പരമ്പരാഗത സുന്നികൾ തിങ്ങിപ്പാർക്കുന്നതും സകല ഖുറാഫാത്തുകളും നിലനിൽക്കുകയും വാശിയോടെ നിലനിർത്തുകയും ചെയ്യുന്ന നാട്. തൗഹീദിന്റെ ഒരു തരത്തിലുള്ള വെളിച്ചവും കടന്നെത്തിയിരുന്നില്ല. ഇനി അതിന്റെ ഒരു ചെറു വട്ടമെങ്ങാൻ കണ്ടാൽതന്നെ തല്ലിക്കെടുത്താൻ സർവ്വരും ഓടിയെത്തും.

താങ്കളുടെ പഠനം ?

വേളം അരമ്പോൽ എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടി. അവിടെത്തന്നെയുള്ള മദ്റസത്തുൽ മുഹമ്മദിയ്യയിൽ ആറാം തരം വരെ മതപഠനവും നടത്തി. പന്ത്രണ്ടാം വയസ്സിൽ തിരുവള്ളൂർ കോട്ടയുള്ള പറമ്പത്ത് പടിഞ്ഞാറ് ജുമാ മസ്ജിദിൽ ദർസിനു ചേർന്നു. എ.പി. വിഭാഗം എസ്.വൈ.എസ്, വടകര താലൂക്ക് വൈസ് പ്രസിഡന്റായിരുന്ന ടി.വി. മൊയ്തു മുസ്‌ലിയാരായിരുന്നു ഉസ്താദ്. ഒരു വർഷം അവിടെ നിന്നു. തുടർന്ന് കടവത്തൂരിലെ കീരിയാവ് പള്ളി ദർസിലേക്ക് പോയി. അബ്ദുസമദ് ബാഖവി മൊറയൂർ ആയിരുന്നു അദ്ധ്യാപകൻ. അഞ്ചുവർഷം അവിടെ ഓതി.

പിന്നീടുള്ള കാലം ?

കടവത്തൂരിൽ നിന്നും കാരന്തൂരിലെ എ.പി.യുടെ മർക്കസുസ്സഖാഫത്തിൽ ചേരണമെന്ന ആഗ്രഹത്തോടെയാണ് പുറത്തുവന്നത്. അന്ന് മർക്കസിൽ പഠിക്കുകയെന്നൊക്കെയുള്ളത് മഹത്തായ കൃത്യമായി കണ്ടിരുന്നു. അവിടെയെത്താൻ എന്റെ മനസ്സ് വല്ലാതെ ആഗ്രഹിച്ചു. സഖാഫികൾ മറ്റ് മുസ്‌ലിയാക്കൻമാരിൽ നിന്നെല്ലാം വ്യത്യസ്ഥമായ കഴിവുള്ളവരാണെന്നും സഖാഫി ബിരുദത്തിന് വലിയ സ്റ്റാന്റേർഡാണെന്നുമായിരുന്നു എന്റെ ചിന്ത.

താങ്കളുടെ മർക്കസ് സ്വപ്നം സാധിച്ചോ ?

കീരിയാവ് പള്ളിയിൽ നിന്നും മർക്കസ് സ്വപ്നവുമായി ഇറങ്ങിയ ഞാൻ നാട്ടിനടുത്ത് ആവള ജുമുഅത്ത് പള്ളിയിൽ എത്തി. അവിടെ എന്റെ വലിയുപ്പയായിരുന്നു ദർസ് നടത്തിയത്. അവിടെ നിന്നും കാഞ്ഞിരാട്ടുതറ എന്ന സ്ഥലത്ത് എൻ. അബ്ദുല്ല ബാഖവിയുടെ ശിഷ്യനായി ഒരുവർഷം ഓതി. പിന്നീട് അദ്ദേഹത്തോടൊത്ത് കോഴിക്കോട്ട് പറമ്പത്ത് പള്ളിയിലും എത്തി. മുജാഹിദുകളോടും മറ്റ് നവോത്ഥാന സംരംഭങ്ങളോടും കടുത്ത വിദ്വേഷമുണ്ടായിരുന്ന എനിക്ക് മർക്കസിൽപോയി പഠിക്കണമെന്ന ആഗ്രഹം സഫലമാക്കാനായില്ല. എങ്കിലും എ.പി. പക്ഷത്തിന്റെ എല്ലാ പരിപാടികളിലും പങ്കെടുക്കുകയും അവരെ അനുകൂലിച്ച് സംസാരിക്കുകയും ചെയ്യുമായിരുന്നു.

കാരന്തൂർ മർക്കസ് സഖാഫത്തിസുന്നിയ്യയിൽ താങ്കൾ പോയിരുന്നോ ?

മർക്കസിൽ പഠനം നടത്താൻ ആഗ്രഹിച്ച് അത് നടക്കാതെ പോയെങ്കിലും വർഷാവർഷം മർക്കസിൽ നടന്നിരുന്ന വാർഷിക മാമാങ്കത്തിന് ഞാൻ പങ്കെടുക്കുമായിരുന്നു. ഇങ്ങിനെയുള്ള ഒരു ബിരുദദാന ചടങ്ങിൽ പങ്കെടുക്കാൻ പോയപ്പോൾ എനിക്ക് രസകരമായ ഒരനുഭവമുണ്ടായി.

അതെന്താണെന്ന് വിശദീകരിക്കാമോ ?

ഗംഭീര പരിപാടികൾക്കുശേഷം രാത്രി വീട്ടിലേക്ക് തിരികെ വരാൻ സാധിക്കാത്തതിനാൽ അവിടെ പള്ളിയിൽ കിടന്നുറങ്ങി. മൂന്നു ദിവസത്തെ പരിപാടിയുടെ അവസാന ദിനമായിരുന്നു അന്ന്. രാത്രിയിൽ ഞാൻ ക്ഷീണം കൊണ്ട് നന്നായി ഉറങ്ങിപ്പോയി. സുബ്ഹിക്ക് എണീറ്റപ്പോൾ പോക്കറ്റിലെ പേഴ്സ് കാണാനില്ലായിരുന്നു. എന്റെ കയ്യിൽ പണം വേറെയില്ല. ആരോടും സംഭവം പറയാതെ ഞാൻ ഇറങ്ങി നടന്നു. കുന്ദമംഗലത്തുനിന്നും നടത്തം തുടങ്ങി. നടന്നുനടന്ന് കൊടുവള്ളിയിലെ മുസ്‌ലിം ലീഗ് ഓഫീസിനു മുന്നിൽ ഞാൻ നിന്നു. ലീഗുകാരനെന്ന് എനിക്ക് തോന്നിയ ഒരാൾ ഓഫീസിൽ നിന്നും ഇറങ്ങി വന്നു. എ.പി. മുസ്‌ലിയാക്കൻമാരുടെ പ്രത്യേകമായ വേഷത്തിൽ നിൽക്കുന്ന എന്നെ കണ്ട അയാൾ, ഞാൻ എന്തെങ്കിലും ചോദിക്കുന്നതിനു മുമ്പ്തന്നെ റോഡിലേക്ക് ചൂണ്ടി നേരെ നടന്നു കൊള്ളാൻ പറഞ്ഞു. അന്ന് വീടുവരെ ഞാൻ നടന്ന് യാത്ര ചെയ്തു.

മുജാഹിദുകളോട് അപ്പോഴൊക്കെയുള്ള നിലപാട് എന്തായിരുന്നു ?

മുജാഹിദുകളോടുള്ള ശത്രുതയാണ് എന്നെ എ.പി. സുന്നികളുമായി കൂടുതൽ അടുപ്പിച്ചത്. സമസ്ത വിലക്കിയ എറണാകുളം സമ്മേളനത്തിന് ഉസ്താദിനോട് അടവുപറഞ്ഞ് ഞാൻ പങ്കെടുത്തിരുന്നു. ,കീരികാവിലെ ദർസിലായിരുന്നു അന്ന് ഞാൻ. എ.പി. സുന്നിയിൽ പേരോടിനോടായിരുന്നു എനിക്ക് വീരാരാധന. അദ്ദേഹത്തെ അനുകരിക്കാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. മുജാഹിദ് വിമർശനത്തിന് ഏറ്റവും യോഗ്യൻ പേരോട് തന്നെയാണെന്നാണ് ഞാൻ വിശ്വസിച്ചിരുന്നത്. കല്ലിക്കണ്ടിയിൽ പാറേമ്മൽ എന്ന സ്ഥലത്ത് മുജാഹിദ് പൊതുയോഗം നടക്കുമ്പോൾ അവിടെ കൂവാനായി മാത്രം ഞാൻ പോയിരുന്നു. എന്തിനാണ് കൂവുന്നതെന്നറിയില്ല. മുജാഹിദ് പരിപാടി കൂവി തോൽപ്പിക്കണമെന്നതു മാത്രമായിരുന്നു ചിന്ത. എ.പി. സുന്നികൾ മാത്രം ഒരിക്കൽ പെരുന്നാളാഘോഷിച്ചപ്പോൾ അത് സജീവമാക്കാൻ ഞാൻ മുന്നിട്ടിറങ്ങിയിരുന്നു.

ഇ.കെ. സുന്നിയിലേക്കെത്തുന്നത് എങ്ങിനെയാണ് ?

കുവൈത്ത് കരാറിൽ എ.പി. അബൂബക്കർ മുസ്‌ലിയാർ ഒപ്പിട്ടതോടെയാണ് ഞാൻ ഇ.കെ. യിലേക്ക് വരുന്നത്. എസ്.കെ.എസ്.എസ്.എഫ് പഞ്ചായത്ത് ഭാരവാഹി, മേഖലാ കമ്മിറ്റി അംഗം തുടങ്ങിയ നിലയിൽ ഞാൻ പ്രവർത്തിച്ചു. മദ്രസാ അദ്ധ്യാപകനായതോടെ കുറ്റ്യാടി റൈഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ പരീക്ഷാ ബോർഡ് ചെയർമാൻ, വൈസ് ചെയർമാൻ, റൈഞ്ച് സെക്രട്ടറി എന്നീ സ്ഥാനങ്ങളും വഹിച്ചു.

എവിടെയൊക്കെ അദ്ധ്യാപകനായി ?

നാട്ടിനടുത്തുള്ള കുളങ്ങരത്താഴ, വട്ടോളി, ചോയിമഠം,

പുത്തലത്ത്, നിട്ടൂർ, കാഞ്ഞിരാട്ടുതറ, എടവരാട് എന്നിവിടങ്ങളിൽ മദ്രസകളിൽ പഠിപ്പിച്ചിരുന്നു. പലയിടത്തും സദർ മുദരിസ്സായി സേവനമനുഷ്ടിച്ചു.

അക്കാലത്തെ പ്രത്യേകമായ അനുഭവങ്ങൾ വല്ലതും ?

കുളങ്ങരത്താഴ മദ്രസയിൽ ജോലിചെയ്യുമ്പോൾ അടുത്ത വീട്ടിൽ ഞാനും സുഹൃത്തും കൂടി റാതീബിന് പോയി. നാദാപുരത്തുകാരായ ചില എക്സ്പേർട്ടുകൾ സ്ഥലത്തെത്തിയിട്ടുണ്ട്. റാതീബിനെത്തിയവരുടെ കൂട്ടത്തിൽ നാട്ടുകാരനായ ഒരു പണ്ഡിതനുമുണ്ടായിരുന്നു. റാതീബ് തുടങ്ങി. അതിലെ ഒരു പ്രത്യേക ദിക്ർ ചൊല്ലാൻ തുടങ്ങി. അയ്ന മൂസ, അയ്ന ഈസ എന്ന ദിക്റാണ് ചൊല്ലുന്നത്. ഭയങ്കരമായ ശബ്ദത്തിൽ എഴുന്നേറ്റുനിന്ന് ഇത് എല്ലാവരും ഒന്നിച്ച് ചൊല്ലുകയാണ്. ഇടക്ക് അല്പമൊന്നു നിർത്തിയപ്പോൾ നമ്മുടെ പണ്ഡിതൻ ചെവിയിൽ കൈ തിരുകി "മൂസ ഏടപ്പോയ് ഈസ ഏടപ്പോയ്" (മൂസ എവിടെപ്പോയി, ഈസ എവിടെപ്പോയി) എന്ന് ഉച്ചത്തിൽ അലറുകയാണ്. ഇതുകേട്ട് നാദാപുരത്തുകാർക്ക് ദേഷ്യം പിടിച്ചു. അപ്പോൾ അയാൾ മറുപടി പറഞ്ഞു :"നിങ്ങൾ അറബിയിൽ പറഞ്ഞു ഞാൻ അതിന്റെ മലയാളം പറഞ്ഞുവെന്ന് മാത്രം. ഇതും പറഞ്ഞ് മൂപ്പർ ഇറങ്ങിപ്പോയി.

കീരികാവിൽ ഞാൻ ജോലി ചെയ്യുമ്പോൾ മറ്റൊരു അനുഭവമുണ്ടായി. ഒരു വീട്ടിൽ ഖുതുബിയ്യത്തിന് ഞാനും സുഹൃത്തും കൂടിപ്പോയി. വിളക്കു കെടുത്തി. മൊയ്തീൻ ശൈഖിനെ വിളിക്കാൻ തുടങ്ങി. നിറയെ ആളുകളുള്ള പരിപാടിയായിരുന്നു. ഖുതുബിയ്യത്ത് മുറുകിയപ്പോൾ ഇരുട്ടിൽ വികൃതിക്കാരനായ എന്റെ സുഹൃത്ത് ആവേശത്തിൽ റാതീബ് ചൊല്ലുന്ന ഒരു തടിയൻ കാക്കായുടെ പുറത്ത് നന്നായൊന്നു കൊടുത്തു. കാക്ക നിലവിളിയും തുടങ്ങി. ഉടനെ എല്ലാവരും നിർത്തി കാര്യം അന്വേഷിച്ചു. ഉടനെ റാതീബിന്റെ നേതൃത്വം കൊടുത്തയാൾ പറഞ്ഞു. അത് ശൈഖ് ഇറങ്ങി അടിച്ചതാണെന്ന്. ആത്മാർത്ഥമായി ചൊല്ലാൻവേണ്ടി നിർദ്ദേശം കൊടുത്തു. അടികിട്ടിയ പാവം കാക്ക വീണ്ടും ആത്മാർത്ഥതയോടെ ചൊല്ലാൻ തുടങ്ങി.

മുജാഹിദ് പ്രസ്ഥാനവുമായി എങ്ങിനെ അടുപ്പമുണ്ടായി.

ഞാൻ മുജാഹിദിനെ അന്ധമായി എതിർക്കുകയായിരുന്നു. ഒരിക്കലും അവരുടെ ആശയങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചിരുന്നില്ല. മുൻധാരണയോടെ കാര്യങ്ങളെ സമീപിച്ചു. എന്റെ വലിയുപ്പ പോക്കർ മുസ്ലിയാർ സുന്നിയായിരുന്നെങ്കിലും കാര്യങ്ങൾ കിതാബിൽ നിന്നും മനസ്സിലാക്കാൻ ശ്രമിച്ചിരുന്നു. സുന്നികൾ നല്ല കാര്യമെന്ന് വിചാരിച്ച് ആചരിച്ചിരുന്ന പലതും ശരിയല്ലെന്ന് അദ്ദേഹം പറയുമായിരുന്നു. മുജാഹിദ് പ്രസിദ്ധീകരണങ്ങൾ നിരൂപണത്തിന് വേണ്ടിയാണ് വായിച്ചിരുന്നത്. പിൽക്കാലത്ത് സ്വയം ആലോചിക്കാൻ തുടങ്ങിയപ്പോൾ ചില വൈരുദ്ധ്യങ്ങൾ തെളിഞ്ഞുവന്നു. ചാവടിയന്തിരം, നമസ്കാരശേഷമുള്ള കൂട്ടുപ്രാർത്ഥന, മൗലിദിലെ ചില പരാമർശങ്ങൾ, റാതീബിലെ ചില കോപ്രാട്ടി ദിക്റുകൾ, ഉറുക്ക് കെട്ടൽ. ഈ വിഷയങ്ങളൊക്കെ ചർച്ചക്ക് വിധേയമാക്കി. സുഹൃത്തുക്കളുമായുള്ള ഇത്തരം ചർച്ചകളുടെ അവസരത്തിൽ "പറയുന്നതിൽ തെറ്റില്ല. പക്ഷെ, സുന്നത്ത് ജമാഅത്ത് പൊളിഞ്ഞു പോകരുത്" എന്നായിരിക്കും അവസാന തീരുമാനം.

മുജാഹിദിലേക്ക് ആകൃഷ്ടനാകാനുണ്ടായ മറ്റു കാരണങ്ങൾ ?

നാദാപുരത്ത് ഹുസൈൻ സലഫിയുടെ ഖണ്ഡനപ്രസംഗം കാസറ്റുകളിലൂടെ ഞാൻ കേട്ടിരുന്നു. ഖബ്ർ സിയാറത്ത്, നബി (സ്വ) സാധാരണ മനുഷ്യനാണെന്ന് പറയൽ, മുഅ്ജിസത്ത് - കറാമത്ത് നിഷേധിക്കൽ, ഖുർആൻ അർത്ഥം മാറ്റി പറയൽ............. തുടങ്ങി മുജാഹിദുകളെപ്പറ്റി പണ്ടേ തെറ്റിദ്ധരിച്ചിരുന്ന വിഷയങ്ങളെല്ലാം ഞാൻ പഠിക്കാൻ തുടങ്ങി.

മുജാഹിദുകൾ പറയുന്നതിൽ കാര്യമുണ്ടെന്നും പേരോടും, നജീബ് മൗലവിയും, ഹമീദ് ഫൈസി അമ്പലക്കടവുമൊക്കെ വാക്സാമർത്ഥ്യം കൊണ്ടുമാത്രമാണ് ജനങ്ങൾക്കു മുന്നിൽ രക്ഷപ്പെടുന്നതെന്നും ബോധ്യമായി തുടങ്ങി.

ബോധ്യമായത് പുറത്തുപറയാൻ ധൈര്യം കാണിച്ചോ ?

ഞാൻ ജോലി ചെയ്തിരുന്ന മഹല്ലിന്റെ വൈസ് പ്രസിഡന്റ് ഫത്ഹുൽ മുഈനിൽ നേർച്ച കറാഹത്താണെന്ന് ഉണ്ടോ എന്ന് എന്നോട് ചോദിച്ചു. ഞാൻ അതേയെന്ന് മറുപടി നൽകി. അതുമാത്രമല്ല ഫർദ് നമസ്കാരശേഷം ദിക്റുകൾ പതുക്കെ ചൊല്ലുന്നതും ഇമാം സലാം വീട്ടിയ ഉടനെ എഴുന്നേറ്റുപോകുന്നതാണ് ഉത്തമമെന്നുമുള്ള അഭിപ്രായവും ഫത്ഹുൽ മുഈനിലുണ്ടെന്ന് കൂട്ടിച്ചേർത്തു. ഇതുകേട്ട വൈസ്പ്രസിഡന്റ് പുറത്തുപോയി അബ്ദുറഹ്മാൻ മുസ്ലിയാർ മുജാഹിദായി എന്ന് പ്രചരിപ്പിച്ചു. പിന്നീട് മുജാഹിദ് ആശയങ്ങൾ വിശദമായി പഠിക്കാൻ തുടങ്ങി.

മറ്റൊരു സംഭവവും ഉണ്ടായി. എന്റെ മകൾ മുബശ്ശിറാക്ക് ചെവി കേൾക്കൽ അൽപം കുറവായിരുന്നു. നാടിന്റെ പരിസരത്ത് ജോലിചെയ്യുന്ന ഒരു സുന്നി പണ്ഡിതന്റെ അടുത്ത് ഇക്കാര്യം പറഞ്ഞു. പ്രാർത്ഥിക്കണമെന്ന് അദ്ദേഹത്തോട് സൂചിപ്പിച്ചു. അപ്പോൾ അദ്ദേഹം ഇതിന് ഒരു ചികിത്സയുണ്ടെന്നും തന്റെ മകൾക്ക് ഉണ്ടായപ്പോൾ ചെയ്തിട്ടുണ്ടെന്നും പറഞ്ഞ് എന്നോട് ഇങ്ങനെ വിശദീകരിച്ചു. കാഞ്ഞങ്ങാട് ഭാഗത്തുള്ള ഒരു നമ്പൂതിരിയുടെ അടുത്ത് ഇതിന് നല്ല ചികിത്സയുണ്ട്. അവിടെ ചെന്നാൽ അയാൾ തന്റെ വിരൽ മുറിച്ച് അൽപം രക്തം ഒരു പിടി അരിയിലാക്കി അത് ജപിച്ച ശേഷം തരും. ഈ അരി വീട്ടിൽ കൊണ്ടുവന്ന് 41 ദിവസം കുട്ടിക്ക് നൽകണം. അതോടൊപ്പം ഒരു വെളുത്ത പൂവൻ കോഴിയെ ഉഴിഞ്ഞിട്ട് അതിന് ദിവസവും ഈ അരി ഉമ്മറപ്പടിയിൽ ഇട്ടുകൊടുക്കണം. 41ാം ദിവസം കോഴിയെ ആട്ടണം. ആട്ടുമ്പോൾ കോഴി പിന്നാക്കം (റിവേഴ്സ്) പോയാൽ ഉടനെ അറുത്ത് ഇറച്ചി നമ്പൂതിരിക്കെത്തിക്കണം. അല്ലാതെ തിരിഞ്ഞുപോകുകയാണെങ്കിൽ കോഴിയെ ജീവനോടെ നമ്പൂരിക്കെത്തിക്കണം. ഇതാണ് ചികിത്സ. ഇത് കേട്ടപ്പോൾ ഇമ്മാതിരി ശിർക്കൻ ചികിത്സയൊന്നും ഞാൻ നടത്തില്ലെന്ന് പറഞ്ഞു. ഈ സംഭവം നേരിൽകേട്ട സാക്ഷികൾ ഇന്നുമുണ്ട്. പക്ഷെ, പിന്നീട് ഞാൻ ഇത് പുറത്തു പറഞ്ഞപ്പോൾ അത് നുണയാണെന്നും ഞാൻ വെറുതെ പറയുകയാണെന്നും അബ്ദുറഹ്മാൻ വഹാബിയായെന്നും നാട്ടിൽ പാട്ടാക്കുകയായിരുന്നു.

തുടർന്ന് എന്ത് സംഭവിച്ചു ?

നാട്ടിൽ ഞാൻ മുജാഹിദായി എന്ന് പാട്ടായതോടെ ഒറ്റപ്പെടുത്തലും ബഹിഷ്കരണങ്ങളു[illegible]ന്നു. പണം കണ്ടിട്ടാണ് മുജാഹിദിലേക്ക് പോകുന്ന[illegible] പരസ്യമുണ്ടായി. കുടുംബക്കാരിൽ നിന്നും ശക്തമായ എതിർപ്പുണ്ടായി. ഭാര്യ പോലും ആദ്യഘട്ടത്തിൽ എനിക്കെതിരായിരുന്നു. പിന്നീട് അവരും സത്യം മനസ്സിലാക്കി എന്നെ പിന്തുണച്ചു.

ഇപ്പോൾ എന്തുചെയ്യുന്നു ?

ഞാൻ പൂർണ്ണമായും മുജാഹിദായി പ്രഖ്യാപിച്ചു. ഓരോ വിഷയത്തെക്കുറിച്ചും പഠിച്ചു. സത്യം മനസ്സിലാക്കി. പ്രവാചകന്റെ ചര്യ പിൻ പറ്റുന്നവർ മുജാഹിദുകളാണെന്ന് തിരിച്ചറിഞ്ഞു. ദുനിയാവിലെ മുഴുവൻ സുഖസൗകര്യങ്ങളും ലഭിച്ചാലും മനുഷ്യൻ ഒരിക്കൽ മരിക്കുമെന്നും. അല്ലാഹുവിന്റെ അടുക്കൽ മടങ്ങിച്ചെല്ലുമെന്നുമുള്ള ബോധം എന്നിലുണ്ടായിരുന്നു. അവിടെ ഞാൻ ഗ്രഹിച്ച സത്യത്തെപ്പറ്റി ചോദ്യം ചെയ്യപ്പെടുമെന്നുള്ള ഉൾക്കിടിലം എനിക്കുണ്ടായി. എന്റെ നാട്ടിലെ പദവിയോ ബന്ധങ്ങളോ ബന്ധനങ്ങളോ അതിന് തടസ്സമാവരുതെന്ന് മനസ്സ് പറഞ്ഞു. കാര്യങ്ങൾ സത്യമായി ബോധ്യപ്പെട്ടിട്ട് അത് മറച്ചുവെക്കുന്നവരെപ്പറ്റി അല്ലാഹു പറഞ്ഞ വാക്കുകൾ എന്നെ അലട്ടി. ഞാൻ ധീരമായി മുന്നോട്ടുപോയി. അൽഹംദുലില്ലാഹ്.. ഇന്ന് നഞാൻ തൃപ്തനാണ്. എന്റെ വിശ്വാസങ്ങൾ, സത്യമായ എന്റെ ആദർശം ഇസ്ലാഹി പ്രസ്ഥാനത്തിലൂടെ ഞാൻ നില നിർത്തുന്നു. അത് കഴിവിന്റെ പരമാവധി പ്രചരിപ്പിക്കുന്നു. എന്റെ നാട്ടിൽ വിപ്ലവകരമായ

മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ നോമ്പുകാലംവരെ ഞാൻ ഖുറാഫാത്തുകളുടെ തോഴനായിരുന്നു. ഈ റമദാനിൽ അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ ഇസ്‌ലാമിന്റെ തെളിമയാർന്ന യഥാർത്ഥ വിശ്വാസം ഉയർത്തിപ്പിടിച്ച് തൗഹീദി പ്രസ്ഥാനത്തിന്റെ വാഹകനാവാൻ അവസരമൊരുങ്ങിയിരിക്കുന്നു. മുജാഹിദ് പ്രസ്ഥാനത്തിൽ വന്നശേഷം വടകരക്കടുത്ത് കല്ലേരി മസ്ജിദുൽ മുജാഹിദീനിൽ ഖത്തീബായി. ഇപ്പോൾ കുറ്റ്യാടിക്കടുത്ത് വേളം പഞ്ചായത്തിലെ ശാന്തിനഗർ മസ്ജിദുൽ ഇസ്‌ലാഹിൽ ഖത്വീബാണ്. ഞാൻ 'സുന്നി'യായിരുന്ന കാലത്ത് ചേരാപുരത്തെ പുത്തലത്ത് സുന്നി മദ്രസയിൽ ജോലി ചെയ്തിരുന്നു. അക്കാലത്ത് തൊട്ടടുത്ത അനന്തോത്ത് മുജാഹിദുകൾ മദ്രസത്തുൽ മനാർ തുടങ്ങി. അവിടെ സ്ത്രീകൾക്ക് ക്ലാസും അവർ നടത്തി. അത് മുടക്കാൻ ഞാൻ പരമാവധി ശ്രമിച്ചിരുന്നു. അവിടെ മദ്രസയിൽ പോകുന്ന കുട്ടികളെ റാഞ്ചാനും, സ്ത്രീകളുടെ ക്ലാസിന് സമാന്തരമായി 'സുന്നി' ക്ലാസ് നടത്താനും ഞാനായിരുന്നു മുന്നിൽ.

ഇന്ന് ചേരാപുരത്തെ അനന്തോത്തുള്ള അതേ മദ്രസത്തുൽ മനാറിൽ ഞാൻ അദ്ധ്യാപകനാണ്. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ ഭാര്യ ജമീല, മക്കളായ മുർഷിദ, റാഷിദ, മുബശ്ശിറ എന്നിവരോടൊപ്പം വേളം പെരുവയലിൽ താമസിക്കുന്നു. സത്യം മനസ്സിലാക്കി യഥാർത്ഥ തൗഹീദിലേക്ക് കടന്നുവരാൻ എന്റെ നിരവധി 'സുന്നി' സുഹൃത്തുക്കളോട് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നു. കാരണം ഇത് പരലോക വിജയത്തിന്റെ കാര്യമാണ്. അതുകൊണ്ട് 'സുന്നി' മുസ്‌ലിയാക്കന്മാരേ......... ഈമാൻ അൽപമെങ്കിലും മനസ്സിലുണ്ടെങ്കിൽ നാളെ പടച്ചവന്റെ കോടതിയിൽ കണക്കു ബോധിപ്പിക്കണമെന്ന ചിന്തയുണ്ടെങ്കിൽ സത്യം തുറന്ന് പറയുക. അത് അന്വേഷിച്ച് കണ്ടെത്തുക. ഇസ്‌ലാഹീ പ്രസ്ഥാനത്തിലേക്ക് സധൈര്യം കടന്നുവരിക. അല്ലാഹു അനുഗ്രഹിക്കട്ടെ – ആമീൻ !!